**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3117** **01-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ പുതിയ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നിർമ്മാണ നിർദ്ദേശം ഉയർന്ന പുതിയ പാലങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. പാമ്പാടി പാലം<br><br>2. തൊടയാർ പാലം<br><br>3. പട്ടുത്തൂർ പാലം<br><br>4. ബണ്ടിമാർ കുരുടപടവ്<br><br>5. ഉറുമി പാലം<br><br>6. കുണ്ടാപ്പു പാലം<br><br>7. കുത്താജെ പാലം<br><br>8. ബജ്പെകടവ് പാലം |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രപ്പോസലുകൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 1. <u>പാമ്പാടി പാലം</u><br><br>ഷിറിയ പുഴയ്ക്ക് കുറുകെ പുതുതായി നിർമ്മിക്കുന്ന പാമ്പാടി പാലത്തിന്റെ (T Bridges) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഈ പാലം കുമ്പള, പൈവളികെ, പുത്തിഗെ എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>2. <u>തൊടയാർ പാലം</u><br><br>മൊഗ്രാൽ പുഴക്ക് കുറുകെ കമ്പാർ - തൊടയാർ - മായപ്പാടി റോഡിൽ തൊടയാർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. മൊഗ്രാൽ - പുത്തൂർ ഗ്രാമ പഞ്ചായത്തിനെയും, പുത്തിഗെ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനു കൈമാറി. ഡിസൈൻ |

തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

3. പട്ടത്തൂർ പാലം

തൊടയാർ എന്ന സ്ഥലത്ത് മൊഗ്രാൽ പുഴക്കു കുറുകെ പട്ടത്തൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത പാലം ജില്ലയിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളായ നീർച്ചാൽ - ഷിരുബാഗിലു, ശാന്തിപ്പള്ളം - തൊടയാർ - മായപ്പാടി റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ബണ്ടിമാർ കുരുടപടവ് പാലം

ഷിറിയ പുഴയ്ക്ക് കുറുകെ കുരുടപടവ് ബണ്ടിമാർ - ബോർക്കള റോഡിൽ ബണ്ടിമാർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ബണ്ടിമാർ പ്രദേശത്തെ ജനങ്ങൾക്ക് ഹൊസങ്കടി - മഞ്ചേശ്വരം - മംഗലാപുരം എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് 15കി.മീ. ദൂരം ലാഭിക്കാൻ സാധിക്കും. കൂടാതെ ദൈഗോളി - ബോളിമാർ പ്രദേശത്തെ ജനങ്ങൾക്ക് ഉക്കിനടുക്ക മെഡിക്കൽ കോളേജിലേയ്ക്ക് എത്തിച്ചേരുന്നതിന് വളരെ ഉപകാരപ്രദമായിരിക്കും

5. ഉറുമി പാലം

കാസർകോട് ജില്ലയിലെ പുത്തിഗെ - മുഗു - പൊന്നംഗള – പാടലടുക്ക റോഡിൽ ഉറുമി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിക്കുന്ന ഈ പ്രവൃത്തി പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ Phase III ൽ ഉൾപ്പെട്ടിട്ടുണ്ട്:

6. കുണ്ടാപ്പു പാലം

മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പറവൂർ - ബേക്കറി ജംഗ്ഷൻ റോഡിൽ കുണ്ടാപ്പു പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ പുരോഗമിക്കുന്നു.

7. കുത്താജെ പാലം

| | | | |
|---|---|---|---|
| | | | എൻമകജെ പഞ്ചായത്തിലെ കുത്താജെ - ബീജന്തടുക്ക റോഡിൽ കുത്താജെ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം 499 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡി.പി.ആർ, കെ.ഡി.പി. ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>8. ബജ്പെ കടവ് പാലം<br><br>ഷിറിയ പുഴയ്ക്ക് കുറുകെ ബജ്പെകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ഈ പാലം കുമ്പള ഗ്രാമപഞ്ചായത്തിനെയും, മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. |
| (സി) | നിർദ്ധിഷ്ട പാലങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ